**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T1932 | **13.06.2019** - ൽ മറുപടിക്ക് |

## റീ ബിൽഡ് കേരള

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ചെങ്ങന്നൂരിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ നാശനഷ്ടമുണ്ടായ കെട്ടിടങ്ങളുടെ ചിത്രങ്ങൾ റീബിൽഡ് കേരളയുമായി ബന്ധപ്പെട്ട വെബ് സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) 24/10/2018 ഓട്ടുകൂടി മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള സർവ്വേ അവസാനിപ്പിച്ചിരുന്നു. നാശനഷ്ടമുണ്ടായ കെട്ടിടങ്ങളുടെ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടായത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) നാശനഷ്ടം സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ചെങ്ങന്നൂരിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള അപ്പീലുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; അപ്പീലുകൾ പരിഹരിക്കുവാനുള്ള നടപടികൾ വേഗത്തിലാക്കുമോയെന്ന് അറിയിക്കുമോ? | ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ലഭ്യമായ അപ്പീൽ അപേക്ഷകളിൽ പൂർണ്ണഭവനനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് 177 അപേക്ഷകളും 75% ന് താഴെ ഭവനനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് 7740 കേസ്സുകളും റീബിൽഡ് ജില്ലാതല അപ്പീൽ കമ്മിറ്റി തീർപ്പാക്കിയിട്ടുള്ളതും ടി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നതുമാണ്. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 31.01.2019 വരെ ലഭിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ